വയനാട്ടിലെ കർഷകർക്ക് സ്പെഷ്യൽ പാക്കേജ്

136 [2273] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. വി. ഡി. സതീശൻ:
,, ജോർജ് ജെ. മാത്യു:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലെ കർഷകർക്ക് സ്പെഷ്യൽ പാക്കേജ് അനുവദിച്ചതിന്റെ ഫലമായി അവിടത്തെ കർഷകർ സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള വായ്പകളുടെ പലിശ എഴുതിത്തള്ളുന്നതിന് ഗവണ്മെന്റിൽ നിന്നും നൽകുന്ന തുകയെ സംബന്ധിച്ച് കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അത് എത്ര തുക വരുമെന്ന് പറയാമോ;

(സി) അതിൽ എന്തു തുക ഇതുവരെ കൊടുത്തു; ബാക്കി തുക എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്നു അറിയിക്കാമോ?

ഉത്തരം

(എ) 1-4-2001-നുശേഷം എടുത്തിട്ടുള്ള കാർഷിക വായ്പകളുടെ 31-3-2004 വരെയുള്ള പലിശ തുകയെ സംബന്ധിച്ച് സഹകരണ വകുപ്പ് കണക്കെടുത്തിട്ടുണ്ട്. 1-4-2004 മുതൽ 31-3-2005 വരെയുള്ള പലിശ തുകയെ സംബന്ധിക്കുന്ന കണക്കെടുപ്പ് നടപടി നടന്നുവരികയാണ്.

(ബി) 2001-2002, 2002-2003, 2003-2004 എന്നീ വർഷങ്ങളിലെ പലിശയായി 43,52,70,700 രൂപ (നാല്പത്തിമൂന്നു കോടി അമ്പത്തിരണ്ടു ലക്ഷത്തി എഴുപതിനായിരത്തി എഴുന്നൂറ് രൂപ) നൽകേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(സി) വയനാട്ടിലെ കർഷകർക്ക് കാർഷിക വായ്പകളിൻമേൽ പലിശയിളവ് ആനുകൂല്യമായി 3,36,94,529 (മൂന്നുകോടി മുപ്പത്തിയാറു ലക്ഷത്തി തൊണ്ണൂറിനാലായിരത്തി അഞ്ഞൂറ്റി ഇരുപത്തിയൊൻപത് രൂപ) 19-1-2004-ൽ അനുവദിച്ചു ഉത്തരവായിട്ടുണ്ട്. കൂടാതെ 15,00,40,500 രൂപ (പതിനഞ്ചു കോടി നാല്പതിനായിരത്തി അഞ്ഞൂറ് രൂപ) കൂടി വയനാട് ജില്ലയ്ക്ക് അനുവദിക്കുകയും തുക വിതരണം നടത്തുന്നതിന് വയനാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന് 19-7-2005-ൽ സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുമുണ്ട്. ബാക്കി തുകയ്ക്കുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

ബേപ്പൂർ തുറമുഖ വികസനം

137 [2274] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിന്റെ വികസനത്തിന് ഉതകുന്ന ബേപ്പൂർ തുറമുഖ വികസനത്തിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്;

(ബി) ഈ കാര്യത്തിൽ ഇപ്പോഴത്തെ സ്ഥിതി എന്താണ്;

(സി) ബി. ഒ. ടി. വ്യവസ്ഥയിൽ തുറമുഖ വികസനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വ്യവസ്ഥകൾ എന്തെല്ലാമെന്നാണ്?

LIBRARY ARCHIVES Kerala Legislative Assembly